പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2710 13/03/2020 മറുപടിയ്ക്ക്

## സർക്കാർ, എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, കെ. രാജൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ സർക്കാർ, എയിഡഡ് വിഭാഗങ്ങൾ പ്രത്യേകം തിരിച്ചുളള വിവരങ്ങൾ ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് 2019-20 അധ്യയന വർഷം സർക്കാർ മേഖലയിൽ 4693 സ്കൂളുകളും, എയ്ഡഡ് മേഖലയിൽ 7216 സ്കൂളുകളും, അംഗീകൃത അൺ എയ്ഡഡ് മേഖയിൽ 1042 സ്കൂളുകളും ഉൾപ്പെടെ ആകെ 12951 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിൽ എൽ.പി, യു.പി, എച്ച്.എസ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | എച്ച്.എസ് | യു.പി | എൽ.പി | ആകെ |
|---|---|---|---|---|
| സർക്കാർ | 1228 | 870 | 2595 | 4693 |
| എയ്ഡഡ് | 1432 | 1873 | 3911 | 7216 |
| അൺ എയ്ഡഡ് | 458 | 242 | 342 | 1042 |
| ആകെ | 3118 | 298 5 | 6848 | 12951 |

(ബി) കേരള സർക്കാർ പാഠ്യപദ്ധതി അനുവർത്തിക്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള സർക്കാർ പാഠ്യപദ്ധതി അനുവർത്തിക്കാത്തതും എന്നാൽ മറ്റിതര സിലബസുകളിൽ പ്രവർത്തിക്കുന്നതുമായ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു

| | |
|---|---|
| സി.ബി.എസ്.ഇ സ്കൂൾ | 1288 |
| ഐ.സി.എസ്.ഇ സ്കൂൾ | 162 |
| ജവഹർ നവോദയ വിദ്യാലയങ്ങൾ | 14 |
| കേന്ദ്രീയ വിദാലയങ്ങൾ | 36 |

(സി) സർക്കാർ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം തെരെഞ്ഞെടുത്ത സ്കൂളുകളിൽ 5 കോടി , 3 കോടി, 1 കോടി രൂപ ചെലവു വരുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. 45000 ഹൈസ്കൂൾ

| | | | |
|---|---|---|---|
| | | | ഹയർ സെക്കന്ററി ക്ലാസ് മുറികൾ ഹൈടെക് സംവിധാനമുള്ളവയായി. എൽ.പി, യു.പി സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറി വരുന്നു. ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ ശൗചാലയങ്ങൾ പുതിയ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷകമാക്കൽ, പാചകപ്പുര (അടുക്കള) നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ, ഫർണീച്ചർ, സ്കൂൾ ബസുകൾ, ലാംഗ്വേജ് ലാബുകൾ, റാമ്പ്&റയിൽ സംവിധാനം, ഭിന്ന ശേഷി സൗഹൃദ ശുചിമുറികൾ, ഐ.സി.റ്റി ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലും പൊതുവിദ്യാഭ്യാസ മേഖലയിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഈ സർക്കാർ കാലയളവിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സർക്കാർ / സർക്കാർ എയ്ഡഡ് മേഖലയിലുള്ള എല്ലാ സ്കൂളുകളിലുമായി 2017-18 അധ്യയന വർഷം 156565 കുട്ടികളും, 2018-19 അധ്യയന വർഷം 184728 കുട്ടികളും 2019-20 അധ്യയന വർഷം 163558 കുട്ടികളും പുതുതായി വന്ന് ചേർന്നിട്ടുണ്ട് |
| (ഇ) | അൺഎയിഡഡ് വിദ്യാലയങ്ങളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേക്ക് മാറുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഈ സർക്കാർ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. 2017-18 വർഷത്തെ അപേക്ഷിച്ച് 2018-19 വർഷം 9271 കുട്ടികൾ അൺ എയ്ഡഡ് മേഖലയിൽ കുറയുകയുണ്ടായി. 2018-19 വർഷത്തെ അപേക്ഷിച്ച് 2019-20 വർഷം 14104 കുട്ടികൾ അൺ എയ്ഡഡ് മേഖലയിൽ കുറയുകയുണ്ടായി |

സെക്ഷൻ ഓഫീസർ